LIBRARY ARCHIVES Kerala Legislative Assembly

പുതുതായി അനുവദിച്ച കോളേജുകൾ

11 (1047) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി അനുവദിച്ച കോളേജുകളിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അനുവദിച്ച 19 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 13 കോളേജുകൾക്ക് അദ്ധ്യാപക തസ്തികകളും 7 കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുത്തുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 19-9-2014-ലെ ജി.ഒ.(പി)400/2014/ധനവകുപ്പ് ഉത്തരവിന്റെ വെളിച്ചത്തിൽ ശേഷിക്കുന്ന കോളേജുകളിലേക്കാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് ദൂരപരിധി

12 (1048) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നതിന് കോളേജുകൾ തമ്മിൽ ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കോളേജുകൾ അനുവദിക്കുന്നതിന് ദൂരപരിധി നിശ്ചയിക്കാത്തത് കാരണം പല കോളേജുകളിലും ആവശ്യത്തിന് വിദ്യാർത്ഥികളെ കിട്ടാത്ത സാഹചര്യം നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതിയ സ്വാശ്രയ കോളേജുകൾ അനുവദിക്കുമ്പോൾ ദൂരപരിധി മാനദണ്ഡമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ട്. ദൂരപരിധി സംബന്ധിച്ച വിഷയം പ്രസ്തുത കമ്മിറ്റിയുടെ പരിഗണനാ വിഷയത്തിൽപ്പെട്ടിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

സ്കോളർ സപ്പോർട്ട് പ്രോഗ്രാം

13 (1049) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(സി) പദ്ധതി എയ്ഡഡ് കോളേജുകളിൽകൂടി നടപ്പാക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. പഠനവിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, ആ വിഷയത്തിൽ പ്രകടനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധിക പിന്തുണ നൽകുന്ന പദ്ധതിയാണ് സ്കോളർ സപ്പോർട്ട് പ്രോഗ്രാം (SSP). ഇതിനായി ട്യൂഷൻ ക്ലാസ്സുകൾ, അധിക ലക്ചറുകൾ, പഠനസഹായികൾ, ക്വസ്റ്റ്യൻ ബാങ്ക് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുന്നു.

(ബി) ഓരോ കോളേജിലെയും തെരഞ്ഞെടുത്ത 50 ആദ്യവർഷ ബിരുദതല വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷം പദ്ധതിയിലേക്ക് വരുന്നവർക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ലഭിക്കുന്നതാണ്. ഏതൊക്കെ വിഷയങ്ങളിലാണ്

LIBRARY ARCHIVES Kerala Legislative Assembly